**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2441** **04-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക വർദ്ധിപ്പിക്കണമെന്ന് ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | ഇല്ല. 2022 ജൂലൈ 1 -ാം തീയതി മുതൽ നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയുടെ പോളിസി കാലാവധി മൂന്ന് വർഷമാണ് (2022-25). 18% ജി.എസ്.ടി. ഉൾപ്പെടെ 5664/- രൂപ പോളിസി പ്രീമിയവും 3 ലക്ഷം രൂപയുടെ അടിസ്ഥാന പരിരക്ഷയുമാണ് സർക്കാർ ഇൻഷ്വറൻസ് കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ. പദ്ധതി കാലായളവിനുള്ളിൽ ഇതിൽ മാറ്റം വരുത്താൻ കഴിയുകയില്ല. |
| (ബി) | നിലവിലെ ഇൻഷ്വറൻസ് കവറേജ് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (ബി) | ഇല്ല. 2022 ജൂലൈ 1 -ാം തീയതി മുതൽ നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയുടെ പോളിസി കാലാവധി മൂന്ന് വർഷമാണ് (2022-25). 18% ജി.എസ്.ടി. ഉൾപ്പെടെ 5664/- രൂപ പോളിസി പ്രീമിയവും 3 ലക്ഷം രൂപയുടെ അടിസ്ഥാന പരിരക്ഷയുമാണ് സർക്കാർ ഇൻഷ്വറൻസ് കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ. പദ്ധതി കാലായളവിനുള്ളിൽ ഇതിൽ മാറ്റം വരുത്താൻ കഴിയുകയില്ല. |
| (സി) | ഈ പദ്ധതി ജീവനക്കാർക്കും പെൻഷൻകാർക്കും ആകർഷകമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ മെഡിസെപ് പദ്ധതിയിൽ 1920 ചികിത്സ/ ശസ്ത്രക്രിയകൾക്കും 12 ഇന ഗുരുതര അവയവമാറ്റ ശസ്ത്രക്രിയകൾക്കുമാണ് എംപാനൽ ചെയ്ത ആശുപത്രികളിൽ മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നത്. കൂടാതെ, ഹൃദയാഘാതം, പക്ഷാഘാതം, വാഹനാപകടം എന്നീ അടിയന്തര സാഹചര്യങ്ങളിൽ പദ്ധതിയിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചെയ്യുന്ന ചികിത്സകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി പ്രകാരമുള്ള പാക്കേജ് തുക ഇൻഷ്വറൻസ് കമ്പനി റീഇംപേഴ്സ്മെന്റായി അനുവദിച്ചുവരുന്നു. മെഡിസെപ് പദ്ധതിയുടെ അടുത്ത ഘട്ടം |

| | | | | |
|---|---|---|---|---|
| | | | | ആരംഭിക്കുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾ പരിഷ്കരിക്കുന്നതിനും, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും പഠനം നടത്തുന്നതിനായി 22**-02-2025 -ലെ സ.ഉ.(സാധാ) നം.1687/2025/ധന പ്രകാരം** ഒരു 8 അംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട് പരിശോധിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പരിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ